(ബി) നെല്ല് സംഭരണത്തിൽ നിന്ന് മില്ലുടമകൾ പിൻമാറുന്ന സാഹചര്യം നിലവിലില്ല. എന്നാൽ സംഭരിച്ച നെല്ല് മുഴവനും അനുവദിച്ച സമയത്തിനുള്ളിൽ സംസ്കരിച്ച് തരുവാൻ പറ്റാതെ വന്ന ചില മില്ലുകൾ സപ്ലൈകോയുമായുള്ള ഉടമ്പടി ഉപേക്ഷിച്ച് പോയിട്ടുണ്ട്.

(സി) നെല്ല് സംഭരണത്തിന്റെ കാലാവധി നേരത്തെതന്നെ കർഷകരെ അറിയിക്കുയും അതുപ്രകാരം ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് സംഭരിക്കുകയും ചെയ്യുന്നു.

(സി) നെല്ലിന് നല്ല വില കർഷകന് ലഭിക്കുന്നതിനായി കിലോ ഗ്രാമിന് 19 രൂപയായിരുന്ന സംഭരണ വില ഇപ്പോൾ 21.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലകളിലൊന്നാണിത്.

റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ

199(3082) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുള്ള റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കാർഡ് വിതരണം ചെയ്യുന്നതിലെ കാലതാമസം എന്തുകൊണ്ടാണ്; ടി പ്രവൃത്തി നടപ്പാക്കുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു; ടി പ്രവൃത്തി നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2016 മുതൽ വിതരണം ചെയ്യുവാൻ കഴിയും.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സമഗ്രമായ വിവരങ്ങൾ കാർഡുടമകളിൽനിന്നും ശേഖരിച്ച് ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ എൻ.ഐ.സി.-യുടെ സഹായത്തോടെ, പ്രത്യേക പ്രോഗ്രാം രൂപകൽപന ചെയ്ത് റാങ്ക് ചെയ്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് തീരുമാനമാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള ജോലികൾ ആരംഭിക്കുകയും ചെയ്തു. സാങ്കേതികപരവും, സമഗ്രവുമായ വിവരശേഖരണവും,

LIBRARY ARCHIVES Kerala Legislative Assembly

ഡാറ്റാ എൻട്രിയും, ആധികാരികത ഉറപ്പുവരുത്തി ചെയ്യുന്നതിനാലാണ് കാലതാമസം നേരിടുന്നത്. ഈ പ്രവർത്തികൾ നടപ്പാക്കുന്നതിന് ഇതുവരെ 30.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1.	അഡ്മിനിസ്ട്രേഷൻ എക്സ്പെൻസ്	1,19,87,479
2.	ഫോം പ്രിന്റ് ചെയ്ത വകയിൽ	3,34,47,676
3.	ഐ.ഇ.സി.	23,95,000
4.	ഫോട്ടോ ക്യാമ്പുകൾ	8,45,82,288
5.	ഡാറ്റാ എൻട്രി	17,52,01,754
6.	മറ്റ് ചെലവുകൾ	2,78,067
	ആകെ	30,78,92,264

സർക്കാർ ഏജൻസിയായ സി-ഡിറ്റ് ആണ് റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ. ഡാറ്റാ എൻട്രി നടത്തുന്നതിനായി, സി-ഡിറ്റിന് പുറമേ അക്ഷയ, കുടുംബശ്രീ എന്നീ ഏജൻസികളുടെയും സേവനം ലഭ്യമാക്കിയിരുന്നു.

സപ്ലൈകോ സാധനങ്ങളുടെ വിലനിയന്ത്രണം

200(3083) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സബ്സിഡി ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

വിപണിയിലുണ്ടായ വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി ചെറുപയർ, വൻകടല, വൻപയർ, ഉഴുന്ന് ബോൾ, തുവര പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറവ അരി, മട്ട അരി, പച്ചരി, വെളിച്ചെണ്ണ എന്നീ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു. യഥാർത്ഥ ഉപഭോക്താവിന് സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡി സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം

LIBRARY ARCHIVES Kerala Legislative Assembly